Day 37 of 90 days ✝✝✝ 01st December 2017

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

നല്ല പുല്ലുകൾക്കിടയിൽ സാത്താൻ ഒളിപ്പിച്ചു വച്ചിരിക്കുന്ന ദുഷ്ടത നിറഞ്ഞ അപകടങ്ങളെപ്പററി നമ്മളിൽ പലരും മനസ്സിലാക്കുന്നില്ല. തൽക്കാലം അപകടമില്ലായെന്നു തോന്നിയാലും ഉള്ളിൽ ചെന്നാൽ ചില നാളുകൾക്കകം രോഗബാധയും ക്രമേണ നാശവും വരുത്തുന്ന ദുഷ്ടതയുടെ മുട്ടകൾ ആ പുല്ലുകളിന്മേൽ സാത്താൻ പതിപ്പിച്ചിട്ടുണ്ട്. ഈ വസ്തുത മനസ്സിലാക്കാതെ, ലോകത്തിലെ അനേക മതനേതാക്കൾ തങ്ങളുടെ അനുയായികളെ ലോകമാം പുൽമേടുകളിൽ അഴിച്ചുവിട്ടിരിക്കുകയാണ്. നിഷ്കളങ്കമായ ആടുകൾ അവിടെ മേയുകയും ക്രമേണ നാശത്തിലേക്ക് നീങ്ങുകയും ചെയ്യുന്നു.

എന്നാൽ ഈ വസ്തുതകൾ നല്ലവണ്ണം അറിയാവുന്ന നമ്മുടെ നല്ല ഇടയനായ കർത്താവ് തന്റെ ആടുകളിലൊന്നിനെയും ലോകമാം പുൽമേടുകളിലേക്ക് അയക്കാതെ സ്വന്തം അദ്ധ്വാനത്താൽ ഒരു പച്ചപുൽപുറം ഒരുക്കിയിരിക്കുന്നു. യേശുവിന്റെ ആടുകൾ, ലോകത്തിൽ കാണുന്ന പുല്ലുകളുടെയെല്ലാം പിന്നാലെ പോകേണ്ടവയല്ല, യേശു ഒരുക്കിയിരിക്കുന്ന പുൽപുറത്തു തന്ന ആയിരിക്കേണ്ടതാണ്. സ്നേഹിതാ, നാശത്തിൽ പതിക്കാതെ, നിത്യജീവനിൽ നിലനിൽക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ എത്രയും വേഗം ലോകമാം പുൽമേടുകളെ വിട്ട് ആത്മീയ പുൽമേടുകളിലേക്ക് നീങ്ങാം.

ഇടയൻ ആടുകളെ വാങ്ങിയതിനുശേഷം അല്ല പുൽമേടുകൾ അന്വേഷിക്കുന്നത്. പുൽമേടുകൾ ഒരുക്കിയശേഷമാണ് ആടുകളെ അന്വേഷിക്കുകയും വാങ്ങുകയും ചെയ്യുന്നത്. നമ്മുടെ കർത്താവ് അപ്രകാരമാണ് ചെയ്യുന്നത്. നമുക്ക് ആവശ്യമായിരിക്കുന്നത് മുഴുവൻ ഒരുക്കിശേഷമാണ് അവൻ നമ്മെ വിളിക്കുന്നത്. ആദിയിൽ ആദാമിനെയും ഹവ്വായെയും സൃഷ്ടിച്ചതിനുശേഷമല്ല, അവർക്കായി ദൈവം ഏദൻതോട്ടത്തെ ഉണ്ടാക്കിയത്. ഏദൻതോട്ടവും അതിൽ മനുഷ്യന് ആവശ്യമുള്ളതെല്ലാം ഒരുക്കിയ ശേഷമാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്. യേശു പറഞ്ഞതായ, വിരുന്നൊരുക്കിയ രാജാവിന്റെ ഉപമയിൽ, രാജാവിന്റെ വിളി 'എല്ലാം ഒരുക്കിയിരിക്കുന്നു, വരുവീൻ ' എന്നായിരുന്നു. എല്ലാം ഒരുക്കിയ ശേഷമാണ് രാജാവ് വിളിക്കുന്നത് – ക്ഷണിക്കുന്നത്.

തുടരും....